**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4424** **19-07-2022 - ൽ മറുപടിയ്ക്ക്**

**നവോത്ഥാന സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഒ.ബി.സി. പെൺകുട്ടികൾക്കുള്ള നവോത്ഥാന സ്കോളർഷിപ്പ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകാമോ? | (എ) | സംസ്ഥാനത്തെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന പിതാവോ, മാതാവോ, രണ്ടുപേരുമോ നഷ്ടപ്പെട്ട, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ അധികരിക്കാത്ത പെൺകുട്ടികൾക്കുള്ള പ്രത്യേക പദ്ധതിയാണ് നവോത്ഥാന സ്കോളർഷിപ്പ്. ടി പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പെൺകുട്ടികൾക്കുള്ള നവോത്ഥാന സ്കോളർഷിപ്പ്

### ആമുഖം

സംസ്ഥാനത്തെ മെഡിക്കൽ / മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന പിതാവോ, മാതാവോ, രണ്ടുപേരുമോ നഷ്ടപ്പെട്ട കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ അധികരിക്കാത്ത പെൺകുട്ടികൾക്കുള്ള പ്രത്യേക സ്കോളർഷിപ്പിനായി ഉദ്ദേശിക്കുന്ന പദ്ധതി. മെഡിക്കൽ / മെഡിക്കൽ അനുബന്ധ രംഗത്ത് സ്ഥിര വരുമാനമുള്ള ഒരു ജോലി ലഭ്യമാക്കുന്നതിനും ജീവിതം മെച്ചപ്പെടുത്തുന്നതിനും സഹായകമാകുന്ന പദ്ധതിയാണിത്.

### ലക്ഷ്യം

സംസ്ഥാനത്തെ ജനസംഖ്യയിൽ അറുപത്തിയഞ്ചിലേറെ ശതമാനം വരുന്ന മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ നിന്ന് മെഡിക്കൽ / മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടുന്ന പിന്നാക്ക വിഭാഗങ്ങൾക്ക് (ഒ.ഇ.സി. ഒഴികെ) കാര്യമായ സാമ്പത്തിക സഹായം നിലവിൽ അനുവദിക്കുന്നില്ല. സർക്കാർ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ഫീസ് ആനുകൂല്യം അനുവദിക്കുന്നുണ്ടെങ്കിലും ഹോസ്റ്റൽ ഫീസ് അടക്കമുള്ള ചെലവുകൾ അനുവദിക്കുന്നില്ല. മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ ചേരുന്ന വരുമാനദായകരില്ലാത്ത കുടുംബത്തിലെ പെൺകുട്ടികൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകി കുടുംബത്തിന്റെ ആശ്രയമാകാൻ ഇതിലൂടെ ലക്ഷ്യമിടുന്നു.

### ഗുണഭോക്താക്കൾ

1. സംസ്ഥാന പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ കുടുംബത്തിന്റെ വരുമാനദായകർ ആയിരുന്ന മാതാവോ, പിതാവോ, രണ്ടുപേരുമോ നഷ്ടപ്പെട്ട പെൺകുട്ടികൾ.
2. എൻട്രൻസ് കമ്മീഷണർ അടക്കമുള്ള അഡ്മിഷൻ ഏജൻസികൾ വഴി മെരിറ്റിലോ, റിസർവേഷനിലോ പ്രവേശനം നേടുന്നവരായിരിക്കണം.

### അർഹതാ മാനദണ്ഡം

1. സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ട പെൺകുട്ടി ആയിരിക്കണം.
2. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കരുത്.
3. പിതാവോ മാതാവോ രണ്ടുപേരുമോ നഷ്ടപ്പെട്ടവരായിരിക്കണം.

### മുൻഗണന

1. സർക്കാർ / സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർ.
2. കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ കുറഞ്ഞ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് മുൻഗണന നൽകുന്നു.

## പ്രവർത്തനങ്ങൾ

ടി പദ്ധതി പ്രകാരം സർക്കാർ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് നിയമാനുസൃത ഫീസുകൾ മുഴുവൻ അനുവദിക്കുന്നു. (ഒരു ലക്ഷം രൂപ വരെയുള്ള അപേക്ഷകർക്ക് കെ.പി.സി.ആർ. ആനുകൂല്യം ലഭിക്കുന്നതിനാൽ അവർക്ക് ഫീസ് അനുവദിക്കുന്നതല്ല). ഹോസ്റ്റൽ ഫീസിനായി പരമാവധി 4000/- രൂപ പ്രതിമാസം അനുവദിക്കുന്നു. ഹോസ്റ്റൽ ഫീസിനായി പരമാവധി 4000/- രൂപ വീതം അനുവദിക്കുന്ന ഒരു വിദ്യാർത്ഥിനിക്ക് ടി ഇനത്തിൽ ഒരു വർഷം പരമാവധി 50,000/- രൂപ വരെ അനുവദിക്കുന്നു. ട്യൂഷൻ ഫീസൊഴികെയുള്ള തുക ഹോസ്റ്റൽ ഫീസായി അനുവദിക്കുമ്പോൾ രണ്ട് തുകയും ചേർന്ന് പരമാവധി 50,000/- രൂപയിൽ നിജപ്പെടുത്തുന്നതിനും, ഡേ സ്കോളേഴ്സിന് മെയിന്റനൻസ് അലവൻസായി പ്രതിമാസം പരമാവധി 1500/- രൂപയും അനുവദിക്കുന്നതിനും ഉദ്ദേശിക്കുന്നു.

## ധനകാര്യ വിശകലനം

ആദ്യ ഘട്ടത്തിൽ 200 വിദ്യാർത്ഥിനികൾക്ക് 50,000/- രൂപ നിരക്കിൽ 1 കോടി രൂപ വകയിരുത്തുന്നു.

## നിർവ്വഹണം

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ഇ-ഗ്രാന്റ്സ്3.0 സോഫ്റ്റ് വെയറിലൂടെ ഇതിന്റെ നിർവ്വഹണം നടത്തുന്നു.

## പദ്ധതി മോണിറ്ററിംഗ്

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ, ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ, ഫിനാൻസ് ആഫീസർ എന്നിവരടങ്ങിയ സമിതി പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുന്നു.

## നേട്ടം

പിന്നാക്ക വിഭാഗത്തിൽപ്പെട്ട നിരാലംബരായ പെൺകുട്ടികൾക്ക് ഒരു വരുമാനദായകമായ ജോലി ലഭിക്കുന്നതിന് മെഡിക്കൽ/മെഡിക്കൽ അനുബന്ധ മേഖലയിലെ പ്രൊഫഷണൽ വിദ്യാഭ്യാസം സഹായിക്കുന്നു. സ്ഥിര വരുമാനമുള്ള ജോലിയിലൂടെ കുടുംബത്തിന്റെ സാമൂഹ്യ സാമ്പത്തികാവസ്ഥ മെച്ചപ്പെടുന്നു. സാമ്പത്തികത്തിന്റെ അഭാവം മൂലം പഠനം തടസ്സപ്പെടുന്ന മാതാപിതാക്കൾ നഷ്ടപ്പെട്ട വിദ്യാർക്കുത്ഥിനികൾക്ക് ഒരു കൈത്താങ്ങാവാൻ കഴിയും.